"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിരുന്ന എൽ.എ.ആർ 106/12 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2355/2024/LSGD തീയതി, തിരുവനന്തപുരം, 04-12-2024**

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 25/07/2024 തീയതിയിലെ എ3/578/2012 ടിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ)നം.1689/2024/ത.സ്വ.ഭ.വ, തീയതി, 12-09-2024
3. സ.ഉ.(സാധാ)നം.8176/2024/ധന, തീയതി, 05/11/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ റീസർവ്വേ നമ്പർ 456/7 (LA Sy No.456/19)-ൽപ്പെട്ട 1.60 ആർ സ്ഥലം പൊന്നുംവില നിയപ്രകാരം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 106/12 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 18,62,109/- രൂപ (പതിനെട്ട് ലക്ഷത്തി അറുപത്തിരണ്ടായിരത്തി ഒരുന്നൂറ്റി ഒൻപത് രൂപ മാത്രം) അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 106/12 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 18,62,109/- രൂപ (പതിനെട്ട് ലക്ഷത്തി അറുപത്തിരണ്ടായിരത്തി ഒരുന്നൂറ്റി ഒൻപത് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി രമാ ഭഗവതിക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 18,63,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ശ്രീമതി. രമാ ഭഗവതിയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതും ചെറുവയ്ക്കൽ വില്ലേജിലെ റീസർവ്വേ

നമ്പർ 456/7 (LA Sy No.456/19)-ൽപ്പെട്ടതുമായ 1.60 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 106/12 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 18,62,109/- രൂപ (പതിനെട്ട് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഒരുന്നൂറ്റി ഒൻപത് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീമതി രമാ ഭഗവതി (T.C.No. 7/673, 'ശ്രുതി', മെഡിക്കൽ കോളേജ് പി.ഒ., ഉള്ളൂർ, തിരുവനന്തപുരം)-ക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീമതി രമാ ഭഗവതി, T.C.No. 7/673, 'ശ്രുതി', മെഡിക്കൽ കോളേജ് പി.ഒ., ഉള്ളൂർ,
തിരുവനന്തപുരം. (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/200/024-Fin dated 16/11/2024).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/151 /2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 04-12-2024 14:40:19

സെക്ഷൻ ഓഫീസർ